9 -ാം വർഷം

2026

ആഗസ്റ്റ് 16, 2026

കൈത്താ 6-ാം ഞായർ



# Laity Reflect on
## Syro-Malabar Sunday Mass
## SCRIPTURE READINGS



# സഭയാകുന്ന നൗകയെ സംരക്ഷിക്കുന്ന മിശിഹാ

ഉത്പ 8:1-11, വെളി 21:9-14, യോഹ. 6:16-24.

### സകലരെയും ഓർക്കുന്ന ദൈവം

നൂറ്റിയൻപതു ദിവസങ്ങൾ നീണ്ടുനിന്ന വെള്ളപ്പൊക്കത്തിന് ശേഷം പെട്ടകം സുരക്ഷിതമായി അറാറത്ത് പർവ്വതത്തിൽ ഉറച്ചു. നോഹയെയും പെട്ടക ത്തിലുണ്ടായ ജീവജാലങ്ങളെയും ദൈവം ഓർത്തു. തന്നെ രാജാവാക്കാൻ തത്രപ്പെടുന്ന ജനങ്ങളിൽ നിന്നും പിൻവാങ്ങുന്ന യേശു ശിഷ്യഗണത്തെ വള്ളത്തിൽ കയറ്റി കഫർണാമിലേക്ക് പറഞ്ഞയക്കുന്നു; കാറ്റിലും കോളിലും പെട്ടപ്പോൾ അവരുടെ രക്ഷയ്ക്കെത്തി. കാറ്റിലും കോളിലും പെട്ട് അവശരായ ശിഷ്യരുടെ അരികിലേക്ക് ആശ്വാസമായി വെള്ളത്തിനു മീതെ നടന്നടുക്കുന്ന യേശു. പിതാവിനെപ്പോലെ പുത്രനും പ്രകൃതി ശക്തികളുടെ മേലുള്ള അധീശത്വം വെളിപ്പെടുത്തിക്കൊണ്ടാണ് കടലിനു മീതെ നടക്കുന്നത്. (അങ്ങയുടെ വഴി സമുദ്രത്തിലൂടെയും അങ്ങയുടെ പാത പെരുവെള്ളത്തിലൂടെയും ആയിരുന്നു; അങ്ങയുടെ കാൽപാടുകൾ അദൃശ്യമായിരുന്നു. സങ്കീ. 77:19) മനുഷ്യപുത്രൻ എന്ന് സ്വയം വിശേഷിപ്പിച്ച അനന്തകാരുണ്യവാനായ ദൈവത്തിന് മനുഷ്യന്റെ ആവശ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കാൻ കഴിയില്ല. ദൈവം സകലരെയും ഓർമ്മയിൽ സൂക്ഷിക്കുന്നു. എല്ലാ യാത്രകളിലും എല്ലാവർക്കുമൊപ്പം അദൃശ്യസാന്നിധ്യമായി ദൈവമുണ്ട്!



ഷാജു അച്ചിനിമാടൻ


## ആഴ്ന്നുപോകാതെ, മീതെ നടക്കുക:

കേരളത്തിന്റെ കടൽത്തീരങ്ങളിൽ 'കടലേറ്റ്' എന്ന പേരിൽ ഒരു ആചാരമുണ്ടായിരുന്നു. മീൻപിടുത്ത ത്തിലേക്കു ള്ള പ്രവേശനോത്സവ മായിരുന്നു അത്. കരക്കാരുടെ സാന്നിദ്ധ്യത്തിൽ കാർന്നോന്മാർ വന്ന് കുട്ടിയെ വഞ്ചിയിൽ കയറ്റി കടലി ലേക്ക് കൊണ്ടുപോകും. ആദ്യമായി കടലിലേക്ക് പോകുന്നതുകൊണ്ട് കടൽച്ചൊരുക്കേറ്റ് കുട്ടി ച്ഛർദ്ദിച്ച് തളരും. കടലിൽ ഒന്ന് ചുറ്റിയ ശേഷം അവർ കുട്ടിയെ കരയ്ക്കടുപ്പിക്കും. ച്ഛർദ്ദിച്ചു തളർന്നിട്ടുണ്ടാകുമെങ്കിലും കടലിനെ ജയിച്ചവനായിട്ടാണ് കുട്ടി കരയിലെത്തുന്നത്. പിന്നെ കരക്കാർ ക്കെല്ലാം വിഭവസമൃദ്ധമായ ഭക്ഷണം വിളമ്പുന്നു. കടലിനെ ജയിച്ചു തുറ യുടെ രക്ഷകനായി തീരുന്നതിലുള്ള സന്തോഷമാണ് കരക്കാർ ഒന്നടങ്കം ആഘോഷിക്കുന്നത്.ബൈബിളിൽ കടലിന് തിന്മയുടെ പ്രതീകസൂചന യുണ്ട്. സൃഷ്ടിയിൽ കടലുണ്ടായി രുന്നു. തിന്മയിൽ നിന്നും നന്മയെ വേർതിരിക്കുന്നതും പ്രകടമാണ്. നന്മ തിന്മകളെ വിവേചിക്കുക, തിന്മ വെടിയുക, നന്മയെ പുല്കുക, തിന്മയെ നന്മ കൊണ്ട് ജയിക്കുക ഇവയൊക്കെ വചന പ്രമേയങ്ങളാണ്. വെളിപാടിന്റെ പുസ്തകത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടുമ്പോൾ കടലിന്റെ പരാമർശമില്ല. ലോകാവസാനം വരെ തിന്മയുടെ സാന്നിധ്യം നിശ്ചയമത്രേ! യേശു കടലിനു മീതെ നടന്നു; അവിടുന്ന് തിന്മയെ അതിജീവിച്ചു! അപ്പം വർദ്ധിപ്പിച്ചു നൽകിയ അദ്ഭുതത്തിൽ ആകൃഷ്ടരായി ഗുരുവിനെ രാജാവാക്കാൻ തിടുക്കം കൂട്ടുന്ന ജനത്തിന്റെ പ്രലോഭനങ്ങളെ അതി ജീവിക്കാനാകും ഒരു പക്ഷേ ശിഷ്യരെ യേശു തനിക്കു മുമ്പേ യാത്രയാക്കുന്നത്.

മീൻ പിടിക്കാൻ പരിശീലനം പൂർത്തീ കരിച്ച് കടലിനെ ജയിക്കുന്ന മുക്കുവ ബാലനെപ്പോലെ, കർത്താവിനു വേണ്ടി മനുഷ്യരെ പിടിക്കാൻ തിന്മയെ അതിജീവിക്കണമെന്നതാണ് പ്രബോധനവും ആഹ്വാനവും. തിന്മയുടെ ആധിക്യവും ക്രൗര്യവും, സങ്കീർണ്ണതകളും അപകടസാധ്യ തകളും, ഡിജിറ്റൽ ലോകത്തെ മായക്കാഴ്ചകളും, സൈബർ ഇടത്തിലെ ചതിക്കുഴികളുമൊക്കെ അപാരമായ കടലിനെ കൂടുതൽ ആസുരവും ഭീകരവുമാക്കുന്നു. പിടി കൊടുക്കാതെ തെന്നിമാറുന്ന മീനുകൾ, അപ്പം ഭക്ഷിച്ചു തൃപ്തരായി വീണ്ടും നശ്വരമായ അപ്പത്തിന് വേണ്ടി മാത്രം ഗുരുവിനെ തേടുന്ന ഉപരിപ്ലവവിശ്വാസികളുടെ പ്രതീകമായി മാറുന്നു. അനുതപി ക്കാൻ മനസ്സില്ലാത്ത ദുർഭഗർ ദൈവരാജ്യവലയിൽ ഇടം പിടിക്കുന്നില്ല.

## മറഞ്ഞിരുന്ന സത്യം:

അപ്പം വർദ്ധിപ്പിച്ച് തീറ്റിപ്പോറ്റിയ അദ്ഭുതം കണ്ട ജനം, പണ്ട് മോശ വഴി



മന്ന പൊഴിച്ച് ഇസ്രായേൽ ജനത്തിന് നൽകിയത് ഓർത്തുകാണുമെങ്കിലും അവരുടെ പ്രതികരണം യേശു പ്രതീക്ഷിച്ച രീതിയിലായിരുന്നില്ല. അപ്പത്തിനപ്പുറം ജീവന്റെ അപ്പ ത്തിന്റെ സമൃദ്ധി കാണാതെ പോയത്, ഭൂമിയിലെ രാജാവിനപ്പുറം അവിടുന്ന് മിശിഹായാണെന്ന് തിരിച്ചറിയാ ഞ്ഞത്: എല്ലാമെല്ലാം ഗുരു ശിഷ്യർക്ക് വെളിവാക്കി കൊടുക്കുന്നു. ലൗകീകഭക്ഷണവും സമ്പത്തുമല്ല ആത്യന്തികലക്ഷ്യം, ദൈവമാണ് യഥാർത്ഥ രക്ഷയും സമ്പത്തും. വഞ്ചിയിലുണ്ടായിരുന്ന ശിഷ്യർ 'സത്യമായും നീ ദൈവപുത്രനാണ്' എന്ന് ഏറ്റു പറയുന്നുണ്ട്. അവിടു ത്തെ ബന്ധിച്ച് വധിക്കാൻ ഗൂഢനീക്ക ങ്ങൾ നടത്തുന്നവർ മാത്രം അവനിൽ വിശ്വസിച്ചില്ല. അവിടുത്തെ ദൈവപുത്രനായി അവർ കണക്കാക്കിയുമില്ല. ദൈവത്തിൽ വിശ്വസിക്കാത്ത അവർ സമൂഹത്തിൽ മതപ്രമാണികളായിരുന്നു; അകമേ നിരീശ്വരന്മാരും! അവർക്ക് അദ്ഭുതങ്ങൾ സ്വീകാര്യമായിരുന്നില്ല, യേശുവിന്റെ ദൈവീകപ്രാഭാവം അനുഭവപ്പെട്ടുമില്ല. 'നിർബന്ധ ബുദ്ധികളായ നിരീശ്വരന്മാർക്ക് അദ്ഭുതങ്ങൾ തെളിവുകളേയല്ല' എന്ന കാർഡിനൽ ന്യൂമാന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്!

ദൈവമോ ഭൂതമോ?

വെള്ളത്തിനു മീതെ വള്ളത്തോട് അടുത്തുവരുന്ന ഗുരുവിനെ കണ്ട് ഭൂതമാണെന്ന് ധരിക്കുന്ന ശിഷ്യർ. ആധുനിക മനുഷ്യൻ ജീവിക്കുന്നത് വിഭ്രമത്തിന്റെ ലോകത്തിൽ തന്നെ! നന്മ തിന്മകൾ വിവേചിക്കുന്നതും പ്രലോഭനങ്ങളെ അതിജീവിക്കുന്നതും തീർത്തും വെല്ലുവിളി തന്നെ; തല ച്ചോറിൽ നടക്കുന്ന രാസവിനിമയം അപഗ്രഥിച്ചുപഠിച്ച്, ടാർഗറ്റ് ഗ്രൂപ്പിന് സന്തോഷഹോർമോണു കളും ലൈക്കും റിവാർഡുകളും നൽകി, ഒരിക്കലും കരകയറാൻ പറ്റാത്ത

വിധം വലയിൽ അകപ്പെട്ട് ഇരകളായവർക്ക് തിരിച്ചറിവുണ്ടാകുന്നത് തന്നെ, ജീവിതം നാശത്തിന്റെ പടുകുഴിയിൽ നിപതിച്ച് വീണ്ടെടുക്കാനാകാത്ത സ്ഥിതിയിലെത്തുമ്പോഴാണ്. കൂടെനടക്കാനും, ചെവി കൊടുക്കാനും, സമയം കൊടുക്കാനും ഭരമേല്പിക്കപ്പെട്ടവർ ദൈവത്തിന്റെ കരങ്ങളായി പ്രവർത്തിക്കണം. തക്ക സമയത്ത് ഇടപെടുന്ന ദൈവം മാത്രമാണ് മനുഷ്യർക്കഭയം. ശിഷ്യരെ മുമ്പേ വള്ളത്തിൽ കയറ്റി വിടുന്ന യേശു അതോടെ അവരെ മറക്കുകയല്ല, കാറ്റും കോളും വന്നപ്പോൾ അവരെ ഓർക്കുകയും അവരുടെ രക്ഷയ്ക്കെത്തുകയും ചെയ്യുന്നു. രാത്രിയുടെ നാലാം യാമം വരെയും വഞ്ചി തുഴഞ്ഞിട്ടും കരപറ്റാത്ത ശിഷ്യർക്ക് കർത്താവിന്റെ വരവോടെ അത് ക്ഷിപ്രസാധ്യമാകുന്നുണ്ട്.

### സഭാനൗക സദാ ദൈവപരിപാലനയിൽ :

തനിക്കു മുമ്പേ യേശുവാണ് ശിഷ്യരെ വഞ്ചിയിൽ കയറ്റി വിടുന്നത്. തീർത്ഥാടക സഭ/സഭാനൗക ദൈവം വിഭാവനം ചെയ്തതും അംഗങ്ങളായ വിശ്വാസികൾ അവിടുന്ന് വിളിച്ചു ചേർത്തവരുമാണ്. അവർ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ കടപ്പെട്ടവരാണ്. അമരത്ത് കർത്താവാണുള്ളതെന്ന ധാരണ അവർക്കുണ്ടാകണം! അവിടുത്തെ സാന്നിധ്യമാണ് സഭയിലെ സമാധാനത്തിന് അടിസ്ഥാനം. ഭിന്നതയും വൈരവും, വിഭാഗീയതയും ചേരിതിരിവും, വാശിയും വൈരാഗ്യവും അമരക്കാരന്റെ ഇഷ്ടമേയല്ല! തോണിയേറിയവരുടെ ഇഷ്ടത്തെപ്രതി അവിടുന്ന് പലപ്പോഴും തിരസ്കൃതനാകുന്നുണ്ടോ? സഭയെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ നിറവ് ക്രിസ്തുവിലെന്നപോലെ സഭയുടെ അമരത്തുള്ളവരിലും



പ്രകാശിതമാകട്ടെ! സ്നേഹം കൊണ്ട് സംബോധന ചെയ്യാൻ കഴിയാത്ത സമസ്യകൾ വിരളം! വെറുപ്പും വിദ്വേഷവും കൊടികുത്തി വാഴുമ്പോഴും ക്രിസ്തു സാന്നിധ്യം സമാധാനം മാത്രമാണ് പകരുന്നത്.

### പിൻവാങ്ങലുകൾ അനിവാര്യം:

യഥാർത്ഥസമ്പത്ത് ദൈവമാണെന്ന് വിവേചിച്ചറിയുന്നവർ ലൗകീകവസ്തുക്കളോടും സുഖങ്ങളോടും കല്ലേറ് ദൂരം പാലിക്കും. രാജാക്കന്മാരിൽ ഉന്നതനായ ദാവീദ് 'കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും; എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്' എന്നാലപിച്ചു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഉന്നത സ്ഥാനം വഹിച്ച അഹറോനോട്, 'ഇസ്രായേലിൽ നിനക്ക് ഭൂമി അവകാശമായി ലഭിക്കുകയില്ല, അവരെപ്പോലെ നിനക്ക് ഓഹരിയും ഉണ്ടായിരിക്കുകയില്ല. ഞാനാണ് നിന്റെ അവകാശവും ഓഹരിയും', എന്ന് ദൈവം അരുളിച്ചെയ്തു. ദൈവപുത്രൻ പിതാവിന്റെ ഇഷ്ടമൊന്നു മാത്രമാണ് തേടിയതും നിവർത്തിച്ചതും. യഹൂദമതമേധാവികളുടെ എതിർപ്പും കൊലവിളിയും ഒരു വശത്ത്, ജനങ്ങളുടെ ആവേശോജ്ജ്വലമായ സ്വീകരണം മറുവശത്ത്. അപ്പത്തിന്റെ സമൃദ്ധി കണ്ട് ഓടിച്ചുപിടിച്ച് രാജാവാക്കാൻ വെമ്പുന്ന ജനത്തെവിട്ടാണ് അവൻ പിതൃഹിതം തേടി പിൻവാങ്ങുന്നതും മലയേറുന്നതും. അദ്ഭുതങ്ങളും അടയാളങ്ങളും, ഒരിക്കലും അംഗീകാരവും പദവികളും സൽകീർത്തിയും വർദ്ധിപ്പിക്കാനുള്ള ചെപ്പടിവിദ്യയല്ല; ദൈവരാജ്യ സംസ്ഥാപനത്തിനും വികാസത്തിനുമുള്ള കർമ്മപദ്ധതിയാണ്. മറുകരെ എത്താനുള്ള യാത്രയുടെ മുമ്പും പിമ്പും കർത്താവിന്റെ വിസ്മയകരമായ സംരക്ഷണവും പരിപാലനയുമാണ് ശിഷ്യർ അനുഭവിച്ചത്. അവൻ പകർന്ന ആശ്വാസവും സുരക്ഷിതത്വവും സത്യത്തിൽ അവരെ സ്വാതന്ത്രരാക്കി.

### അള്ളിപ്പിടിക്കുന്ന പത്രോസ്:

കൊച്ചുകുട്ടികളുടെ മനസ്സ്, സരളഹൃദയൻ, വികാരജീവി: എടുത്തുചാട്ടക്കാരനെങ്കിലും മുൻകൈയെടുക്കുന്നതിൽ മുമ്പനായിരുന്നു പത്രോസ്. ആപൽഘട്ടങ്ങളിൽ പക്ഷേ അവൻ ക്രിസ്തുവിനെ അള്ളിപ്പിടിച്ചു. കർത്താവിങ്കലേക്ക് ഉയരുന്ന നമ്മുടെ ദീനവിലാപങ്ങളും നിഷ്കളങ്ക നിലവിളികളും കേൾക്കാതെ പോകില്ല! മിയോൺ സാലസ് പറയുന്നത് പോലെ: നിന്റെ

ഹൃദയം എപ്പോഴെല്ലാം ആകുലത കളാലും ആശങ്കകളാലും തുളുമ്പു ന്നുവോ, അപ്പോഴെല്ലാം കുരിശാ കുന്ന തടിക്കഷണം അതിൽ നിക്ഷേപിക്കുക, പിന്നെ അത് തുളുമ്പുകയില്ല'.

ഈ കൊടുങ്കാറ്റ് ഒന്നു മാറ്റിത്തരുമോ? ശരാശരി വിശ്വാസി പലപ്പോഴും ആഗ്രഹിക്കുന്നത് 'ഈശോയേ, ഈ പ്രയാസം ഒന്ന് മാറ്റിത്തരുമോ'? എന്നാണ്. അതുമല്ലെങ്കിൽ 'കാറ്റേ നീ വീശരുതിപ്പോൾ, കാറേ നീ...' എന്ന മട്ടിൽ താൻ ശുശ്രൂഷ ചെയ്യുന്നിടത്ത് പ്രതിസന്ധികൾ ഉണ്ടാകല്ലേ എന്നാണ്. അതാതു ദിവസത്തെ നിലനിൽപ് പലപ്പോഴും കുറേ മനുഷ്യരുടെ പ്രാർത്ഥനയാണ്. ദൈവം മനുഷ്യരുടെ അന്നന്നത്തെ ആത്മീയ ദാഹങ്ങൾ ശമിപ്പിക്കുകയും നിത്യസന്തോഷം പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ വെള്ളത്തിനു മീതെ നടന്ന ദൈവം 'എന്റെ കുഞ്ഞേ, കൊടുങ്കാറ്റിലും ഞാൻ നിന്റെ കൂടെയുണ്ട്' എന്നാണ് പറയുന്നത്. ഒരിക്കലും കാറ്റുണ്ടാകി ല്ലെന്ന്, കാറുകൾ ചൊരിയുന്നതെ പ്പോഴെന്ന് ആർക്കും പറയാനാകില്ല. നമ്മൾ ദുരിതങ്ങൾ നേരിടുന്നത് തനിച്ചല്ല, ദൈവം എപ്പോഴും നമ്മുടെകൂടെയുണ്ട് എന്നാണ് കൊളംബിയയിലും മ്യാൻമറിലുമുള്ള ദൈവജനം ആശ്വസിച്ചത്. വൈരം വിദ്വേഷം, സംഘർഷം അക്രമം, കാലാവസ്ഥാവ്യതിയാനം യുദ്ധം, ഭയം ആശങ്ക, അനിശ്ചിതാവസ്ഥ നിരാശ, പട്ടിണി, ദാരിദ്ര്യം എല്ലാമെല്ലാം മനുഷ്യരിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റാണ്. കാലംതെറ്റിയും ഓർക്കാപ്പുറത്തും വരുന്ന കെടുതികൾ മനുഷ്യരെ കൊടും ഭീതിയിലാഴ്ത്തുന്ന കാലമാണ്. അവിടുന്ന് അദ്ഭുതകര



മായി വർദ്ധിപ്പിച്ച അപ്പം വഞ്ചിയിൽ കൈവശം ഉണ്ടായിരുന്നിട്ടും കാറ്റ് വന്നപ്പോൾ ശിഷ്യരുടെ മനസ്സിടറി. പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായ യേശുവിന്റെ പ്രഭാവം വെള്ളത്തിന് മീതെ നടക്കുന്ന ഗുരുവിൽ അവർ ദർശിച്ചു; അത് തുടർജീവിതത്തിൽ അവർക്ക് പ്രത്യാശ പകർന്നു.

സർവ്വം ശാന്തം:

അവൻ സഭയിലും എന്റെ ഉള്ളിലും പ്രവേശിച്ചാൽ സർവ്വം ശാന്തം, സുന്ദരം: അവിടുന്ന് കൂടെയുണ്ടെങ്കിൽ ഭയമെന്തിന്? സകലതിനും മീതെ നടന്നവൻ നമുക്ക് തുണയുണ്ട് എന്ന പ്രത്യാശയാണ് ആത്യന്തികമായി ഈ വചനം നൽകുന്ന പ്രത്യാശ. കാറും കോളും നിറഞ്ഞ ജീവിതമാകുന്ന സമുദ്രത്തിന് കുറുകെ കടക്കാൻ, സർവ്വശക്തനായ ഈശോ (ego eimi) യുടെ പ്രഭാവലയത്തിലാ യിരിക്കുക പ്രധാനം! ക്ഷീണാവസരങ്ങളിൽ അഭയം അത്താണി, അധ്വാനനിമി ഷങ്ങളിൽ ആശ്വാസം, അസ്വസ്ഥമേഖ ലകളിൽ ആശാകേന്ദ്രം, ആപത്തിൽ രക്ഷ – സകലരെയും ഓർക്കുന്ന ദൈവം നമ്മെ സദാ ഓർമ്മയിൽ കരുതുന്നു.

*(സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനും ആണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com